## പ്രവർത്തകന്റെ ആത്മവിചാരങ്ങൾ

### മുജീബുർറഹ്മാൻ കിനാലൂർ




**പ്രവർത്തകന്റെ** വ്യക്തിത്വത്തിന്റെ തിളക്കം ആദർശത്തിന്റെ സ്വീകാര്യതയിലും സംഘടനയുടെ വിജയത്തിലും വലിയ പങ്കാണ് വഹിക്കുന്നത്. ഇസ്‌ലാമിക പ്രബോധനരംഗത്ത് പ്രവർത്തിക്കുന്നവരുടെ ഒന്നാമത്തെ ചുമതലതന്നെ അവർ സ്വയം മാതൃകാവ്യക്തിത്വങ്ങളാവുകയെന്നതാണ്. പ്രബോധകർക്ക് തങ്ങളുടെ വ്യക്തിത്വം കൂടുതൽ ശുദ്ധീകരിക്കാൻ സഹായിക്കുന്ന പുസ്തകമാണ് മുജീബുർറഹ്മാൻ കിനാലൂരിന്റെ 'പ്രവർത്തകന്റെ ആത്മവിചാരങ്ങൾ'. ബഹുമത സമൂഹത്തിൽ ജീവിക്കുന്ന ഇസ്‌ലാമിക പ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളും സമൂഹവുമായി ഇടപെടുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളും ലളിതവും ആകർഷകവുമായി അവതരിപ്പിച്ചിരിക്കുന്നു. ഐ.എസ്.എം സംസ്ഥാന പ്രസിഡന്റും *ശബാബ്* വാരികയുടെ എഡിറ്ററുമായ ഗ്രന്ഥകാരന്റെ രചന, സംഘടനാ പരിമിതികളില്ലാതെ കേരളത്തിലെ എല്ലാ ഇസ്‌ലാമിക പ്രവർത്തകർക്കും വെളിച്ചം നൽകുന്നതാണ്. 'സ്വപ്നങ്ങൾ ആവശ്യമുണ്ട്, പ്രവർത്തനങ്ങളുടെ വെള്ളവും വെളിച്ചവും, ആട്ടുന്നവനും നെയ്യുന്നവനും, ഉറവകൾ തിരിച്ചുപിടിക്കുക, ആളൊഴിഞ്ഞ തെരുവിൽനിന്ന് അയൽക്കൂട്ടത്തിലേക്ക്, പള്ളിയും പാർട്ടി ആഫീസും, ഫാസ്റ്റ് കുക്കിംഗ് മതരംഗത്തും, വിവാഹത്തലേന്നാൾ, പ്രബോധനമോ പ്രകോപനമോ, ഒരു നീണ്ട പ്രസംഗത്തിന് മുതിരുന്നില്ലെങ്കിലും, ബേക്കറിയിൽനിന്ന് മുസ്‌ലിംകൾക്ക് പഠിക്കാനുള്ളത്' തുടങ്ങിയ അമ്പതിലേറെ ലേഖനങ്ങൾ.

'പള്ളിയും പാർട്ടി ആഫീസും' എന്ന ലേഖനം കേരളീയ മുസ്‌ലിംസമൂഹത്തിൽ വളർന്നുകഴിഞ്ഞ രോഗത്തെ ചികിത്സിക്കുന്നു. 'അല്ലാഹുവിന്റെ ഭവനം' ഇല്ലാതാവുകയും പള്ളിയാണോ പാർട്ടി ആഫീസാണോ എന്ന് തിരിച്ചറിയാനാകാത്ത മസ്ജിദുകൾ ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന ദുരന്തത്തെ കുറിച്ച വിശകലനമാണീ ലേഖനം. **പേജ് 116, വില 50. പ്രസാധനം: യുവത ബുക് ഹൗസ്, പി.ബി നമ്പർ 524, ആർ.എം റോഡ്, കോഴിക്കോട്-2**

## പീഡനത്തിന്റെ മനഃശാസ്ത്രം, രാഷ്ട്രീയം

### കലീം




**സമകാലിക** ലോകത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്‌കാരിക പ്രശ്നങ്ങളെ വിശകലനം ചെയ്യുന്ന ലേഖനങ്ങളുടെ സമാഹാരമാണ് 'പീഡനത്തിന്റെ മനഃശാസ്ത്രം, രാഷ്ട്രീയം' എന്ന കൃതി. *വിവേകം, പ്രബോധനം, ബോധനം, തേജസ്* തുടങ്ങിയ ആനുകാലികങ്ങളിൽ എഴുതിയ ലേഖനങ്ങളുടെ സമാഹാരം. മൗലികതയുള്ള ചിന്തയും തെളിഞ്ഞ ഭാഷയും ലേഖനങ്ങളുടെ പ്രത്യേകതയാണ്. മുസ്‌ലിം ലോകത്തിന്റെ വേദനകളിലൂടെ ഗ്രന്ഥകാരൻ കടന്നുപോകുന്നു.

'പീഡനത്തിന്റെ മനഃശാസ്ത്രം രാഷ്ട്രീയം, ഖുർആൻ ചരിത്ര ദർശനം, നഗരസംവിധാനം: ചില പ്രതിലോമ ചിന്തകൾ, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ വേഷം മാറുകയാണോ, ഭീകരചിന്തകർ, ബർണാഡ് ലൂയിസിന്റെ മിഡിൽ ഈസ്റ്റ് ചിന്തകൾ, ഫാഷിസം ചരിത്രം നിർമിക്കുന്നവിധം, ബോസ്നിയയുടെ കണ്ണുനീർ, നന്മക്കു മുഖപടം; തിന്മക്കു മുഖംമൂടി, മാർക്സിസത്തിൽനിന്ന് എങ്ങോട്ട്, നവീന ഇടതുപക്ഷം, ബുദ്ധിജീവികളുടെ സ്വകാര്യ ജീവിതം, അലി ശരീഅത്തി, മുഹമ്മദ് അസദ്' തുടങ്ങി പതിനേഴ് ലേഖനങ്ങൾ. **പേജ് 134. വില 60. തേജസ് പബ്ലിക്കേഷൻസ്, കോഴിക്കോട്-27.**